# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1651** **14/08/2017-ൽ മറുപടിക്ക്**

**<u>എറണാകുളം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റ്</u>**

**<u>ചോദ്യം</u>**

ശ്രീ. എ.എം.ആരിഫ്

**<u>ഉത്തരം</u>**

പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിൽ നിലവിൽ ഉള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറച്ച് നിയമനങ്ങൾ മാത്രമേ നടന്നിട്ടുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും (ബി)യും (സി)യും | എറണാകുളം ജില്ലയിൽ വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ.ഡി. ക്ലാർക്ക് തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും ഒഴിവുകൾ എഴുതി അറിയിക്കുന്ന മുറയ്ക്ക് പി.എസ്.സി. നിയമനശിപാർശ നൽകി വരുന്നു. ടി ലിസ്റ്റിൽ നിന്നും 581 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ നിയമന ശിപാർശ നൽകുവാനായി അവശേഷിക്കുന്ന 39 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നല്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന എല്ലാ ഒഴിവിലേയ്ക്കും ടി പട്ടികയിൽ നിന്ന് നിയമന ശിപാർശ നൽകുന്നതാണ്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ കുറഞ്ഞത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ; | | |
| (സി) | 31.01.2018-ൽ അവസാനിക്കുന്ന പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | |
| (ഡി) | 31.03.2015-ൽ നിലവിൽ വന്ന ഈ ലിസ്റ്റിൽ നിന്നും നിയമനം ആരംഭിച്ചത് 5 മാസത്തിനു ശേഷം 17.08.2015-ലാണ് എന്ന വസ്തുത | (ഡി) | എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം നിയമന ശിപാർശ നൽകുവാനായി ഉണ്ടായ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | കാലതാമസം സ്വാഭാവികം മാത്രമാണ്. ഈ കാലയളവിൽ എഴുതി അറിയിക്കപ്പെട്ട എല്ലാ ഒഴിവുകളിലേക്കും പുതിയ ലിസ്റ്റിൽ നിന്നു തന്നെയാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്. എൽ.ഡി. ക്ലാർക്ക് തസ്തികയുടെ തെരഞ്ഞെടുപ്പ് നടപടികൾ കൃത്യമായും മൂന്നുവർഷകാലയളവിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും വിധം ചിട്ടയായി നടത്തുന്ന ഒരു പ്രക്രിയ ആണ്. അപ്രകാരം നിലവിലെ റാങ്ക് പട്ടികയുടെ കാലാവധി 3 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ റാങ്ക് പട്ടിക പ്രസിദ്ധം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. നിലവിലെ റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**